# തേനീച്ച

തൊടുപുഴ കെ ശങ്കർ മുംബൈ

തേനീച്ചയാണു ഞാൻ, ഓരോരോ പൂവിലും
തേടുന്നു നിത്യം മധു കണങ്ങൾ!
കിട്ടുന്ന തേനെല്ലാമൊട്ടും കളയാതെ
പെട്ടെന്നറകളിൽ സംഭരിപ്പൂ!

പാടുപെട്ടെന്നും ഞാൻ ശേഖരിക്കുന്നൊരു-
പാടു തേനേലുമെൻ കൂട്ടരെപ്പോൽ,
നോക്കിയിരിക്കുന്നതല്ലാതെ തൊട്ടൊന്നു
നക്കുവാൻ പോലും മനം വരില്ല!

എന്നെപ്പോലൊന്നല്ലനേകം തേനീച്ചകൾ
എന്നും മുടങ്ങാതെ ജോലി ചെയ്‌വു!
എത്രയോ പൂക്കളുണ്ടെങ്കിലും തേനുള്ള
പുഷ്പങ്ങൾ ഭൂവിൽ വിരളമല്ലോ!

തന്നേ യാതേനുണ്ട് തെല്ലു മയങ്ങുവാൻ
തന്നേയില്ലീശ്വരൻ സ്വാർത്ഥ ബുദ്ധി!
ഏവരും ചേർന്നിരുന്നിഷ്ടം പോൽ മോന്തുവാൻ
ഏറെനാളായ് ഞങ്ങൾ കാത്തിരിപ്പൂ!

എന്നുമുടങ്ങാതുണരുന്നു ഞാൻ ബ്രഹ്മ-
യാമത്തിൽ കർത്തവ്യ ബോധപൂർവം!
കണ്ണുകൾ പൂട്ടി ഞാൻ അർത്ഥിക്കുമീശനോ-
ടിന്നുമെൻ കർമ്മം ഫലം തരണേ!

നിസ്സാരമാം ചെറു ജീവി ഞാൻ സേവനം
നൈസർഗ്ഗിക ഗുണം മാത്രമല്ലോ!
നിസ്സീമമെന്നാത്മ നിർവൃതി എന്നു ഞാൻ
നിസ്സംശയം തുറന്നോതിടട്ടേ!

തെല്ലുമേ ജോലിചെയ്യാതെയലസന്മാർ
വല്ലോരും ചേർക്കും തേനുണ്ടു വാഴ്‌വു!
സമ്പാദ്യമെല്ലാമൊരുദിനമാരേലും
നമ്പുവാനാവാതപഹരിപ്പൂ!

സന്ദേഹമേയില്ല, നമ്മുടെ ജീവിതം
സന്ദേശമാകാൻ ശ്രമിക്കണം നാം!
മന്നിതിൽ ജീവിക്കുമോരോ നിമിഷവും
ധന്യമായീടുവാൻ പ്രാർത്ഥിക്ക നാം!

സേവന സന്നദ്ധമാവണം നമ്മുടെ
ജീവിതം വിസ്മരിച്ചീടരുതേ!
മധുപോലെയെന്നാളും നിങ്ങടെ ജീവിതം
മധുരിതമാവട്ടേ, മാനവരേ!

..........................................................